അംഗീകരിച്ചിട്ടുണ്ട്. ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ശരിയായ രീതിയിൽ നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങൾക്കും അംഗീകാരം നൽകി കഴിഞ്ഞു.

(ഡി) തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പെൻറിങ്ങിലുള്ള പ്രൊപ്പോസലുകളിൽ നടപടി സ്വീകരിക്കുന്നതാണ്.

കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

79 [1621] ശ്രീ. വി. ചെന്താമരാക്ഷൻ:
,, ടി. കെ. ദേവകുമാർ:
,, എം. വി. ജയരാജൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെൻറ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൻെറ നയം വ്യക്തമാക്കാമോ;

(ബി) പ്രീഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് ലഭ്യമായ ഭൗതിക സാഹചര്യം ഉപയോഗിച്ച് നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറ് തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര കോഴ്സുകൾ തുടങ്ങാനാണ് തീരുമാനിച്ചത്;

(സി) 2001-02 സ്കൂൾ വർഷം മുതൽ ഇതേവരെ എത്ര കോഴ്സുകളാണ് പുതുതായി സർക്കാർ കോളേജുകളിൽ ആരംഭിച്ചത്. ഈ കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷം പുതിയ കോഴ്സുകൾ ലഭിക്കാത്ത കോഴിക്കോട്, പാലക്കാട്, വയനാട് ജില്ലകളിലെ ഗവൺമെൻറ് കോളേജുകൾക്ക് ഈ വർഷം പ്രത്യേക പരിഗണന നൽകി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗവൺമെൻറ് കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നുണ്ട്. എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് അടിസ്ഥാനത്തിലും കോഴ്സുകൾ അനുവദിക്കുന്നുണ്ട്.

(ബി) വിവിധ ഗവൺമെൻറ് എയ്ഡഡ് കോളേജുകളിൽ 190 കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. എന്നാൽ സർക്കാരിൻെറ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത കോഴ്സുകൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തിവെക്കാതെ പുതിയ അധ്യാപക അനധ്യാപക ജീവനക്കാരെ നിയമിക്കാതെയും നിലവിലുള്ള അധ്യാപകരുടെ സേവനം മാത്രമേ പ്രയോജനപ്പെടുത്താൻ പാടുള്ളൂ എന്നും നിഷ്കർഷിച്ച് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുകയാണ്.

(ഡി) ഇക്കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly